## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.486 28.02.2017 – ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ. കെ.സി. ജോസഫ്

ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

**കടപത്രങ്ങൾ**

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടപത്രങ്ങൾ വഴിയും മറ്റും എത്ര തുക വായ്പയെടുത്തു; | ഈ സർക്കാർ അധികാരമേറ്റെടുത്തതിനു ശേഷം 20.02.2017 വരെ കടപത്രങ്ങൾ വഴി 11600 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ 31.12.2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 01.05.2016 മുതൽ 31.12.2016 വരെ കടപത്രങ്ങൾ മുഖേന സമാഹരിച്ചതടക്കം 13574.64 കോടി രൂപ വായ്പയായി എടുത്തിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ സർക്കാർ വായ്പ എടുത്ത തുക, കടബാധ്യതകൾ തീർക്കുന്നതിന് വേണ്ടി ചെലവഴിക്കുകയുണ്ടായോ; എങ്കിൽ എത്ര തുക മറ്റാവശ്യങ്ങൾക്കായി ചെലവഴിക്കുകയുണ്ടായി; | വായ്പയെടുക്കുന്ന തുകയിൽ ഒരു ഭാഗം കടബാധ്യതകൾ തീർക്കുന്നതിനായി വിനിയോഗിക്കാറുണ്ട്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിതനിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്രവീതം വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല. |
| (സി) | ഈ സർക്കാർ പുറപ്പെടുവിച്ച ധവളപത്രത്തിൽ കടം എടുത്ത തുക നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നതിനെ വിമർശിച്ചിരുന്നുവോ; | ഇല്ല |
| (ഡി) | എങ്കിൽ ധവളപത്രത്തിലൂടെ മുൻസർക്കാരിനെതിരെ നടത്തിയ വിമർശനങ്ങൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ